ഉത്തരം

(എ) ഇല്ല. എന്നാൽ കൈത്തറി വസ്ത്രങ്ങളുടെ കയറ്റുമതി രംഗത്ത് അന്തർ ദേശീയ തലത്തിൽ തന്നെ കണ്ണൂർ ജില്ല പ്രസിദ്ധമാണ്. 'സിറ്റി ഓഫ് ലൂംസ് ആന്റ് ലോർഡ്' എന്നാണ് നഗരം അറിയപ്പെടുന്നത്.

(ബി & സി) കണ്ണൂർ, ചേന്ദമംഗലം, ബാലരാമപുരം, പാലക്കാട് മുതലായ കേന്ദ്രങ്ങളിൽ വിദേശ വിപണിക്കാവശ്യമായ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ദീൻ ദയാൽ വികസന പദ്ധതി' നടപ്പാക്കുന്നത്. ഇതു കൂടാതെ ഏറ്റവും കൂടുതൽ തറികളുള്ള കണ്ണൂർ ജില്ലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ടെക്സ്റ്റൽ സെന്റർ ഇൻഫ്രാ സ്ട്രക്ചറൽ ഡവലപ്മെന്റ് സ്കീമും വിദേശ വിപണി ലക്ഷ്യമാക്കിയിട്ടുള്ളതാണ്.

സ്പിന്നിംഗ് മില്ലുകൾക്ക് എൻ.സി.ഡി.സി. സഹായം

26 (4196) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റിപ്പുറം-പുതുപ്പള്ളി എന്നിവിടങ്ങളിലെ സ്പിന്നിംഗ് മില്ലുകൾക്ക് എൻ.സി.ഡി.സി. സഹായത്തിന് സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികരണത്തിന് എൻ.സി.ഡി.സി.-യുടെ സഹായം ലഭിക്കുമോ എന്നും അതിന് സർക്കാർ ഗ്യാരണ്ടി നൽകുമോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് കുറ്റിപ്പുറം പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, പുതപ്പള്ളി എന്നീ മില്ലുകളുടെ വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ധനസഹായത്തിനായി സർക്കാർ മുഖേന എൻ.സി.ഡി.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസിന് എൻ.സി.ഡി.സി. വായ്പ അനുവദിച്ചു കിട്ടിയിട്ടുണ്ട്. ഫണ്ട് ഇനിയും റിലീസ് ചെയ്തിട്ടില്ല. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി. യുടെ പരിഗണനയിലാണ്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി

37 (4197) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിൽ എത്ര തസ്തികകളാണ് നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചത് ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളാണ് സർക്കാർ നിർത്തലാക്കാൻ തീരുമാനിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ചുരുക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നിലനിറുത്താനും പ്രവർത്തനം കൂടുതൽ വിപുലമാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ 132 തസ്തികകൾ അധികമുള്ളതായി സർക്കാർ കണ്ടെത്തി. അതിൽ 125 തസ്തികകൾ ഇതിനകം കുറവുചെയ്ത് ഉത്തരവായിട്ടുണ്ട്.

(ബി) അന്തേവാസികളുടെ എണ്ണം കുറവായതിനാൽ എറണാകുളം റസ്ക്യൂ ഹോമും തിരുവനന്തപുരം ആഫ്റ്റർ കെയർ ഹോസ്റ്റലും നിർത്തലാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളേയും ജീവനക്കാരേയും ആവശ്യാനുസരണം പുനഃസംഘടിപ്പിക്കുകയും പുനർവിന്യസിക്കുകയും ചെയ്യുകവഴി വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലെ ബാലമന്ദിരങ്ങൾ

38 (4198) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ എത്ര ബാലമന്ദിരങ്ങൾ ഉണ്ട് ; എവിടെയെല്ലാമാണ് ഇവ പ്രവർത്തിച്ചു വരുന്നത് ; ഓരോ സ്ഥാപനത്തിലും എത്ര കുട്ടികളാണ് ഇപ്പോഴുള്ളത് ;

(ബി) ആൺകുട്ടികൾ എത്ര ; പെൺകുട്ടികൾ എത്ര ;

(സി) ഓരോ കുട്ടിക്കും പ്രതിദിനം എത്ര രൂപ ചെലവ് ചെയ്യുന്നുണ്ട് ;

(ഡി) ഒരു കുട്ടിക്കുവരുന്ന ഒരുവർഷത്തെ ചെലവ് എത്രയാണ് ; ഈ യിനത്തിൽ 2001-02, 2002-03 വർഷത്തിൽ എത്ര തുക സർക്കാർ ചെലവ് ചെയ്തിട്ടുണ്ട്.

(ഇ) വിദ്യാഭ്യാസത്തിനായി എത്ര തുക ചെലവ് ചെയ്യുന്നു ; ഉയർന്ന വിദ്യാഭ്യാസം ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളുണ്ട് ;

(എഫ്) എസ്.എസ്.എൽ.സി. മുതൽ കൂടുതൽ ഉയർന്ന വിദ്യാഭ്യാസം നൽകപ്പെട്ട എത്ര കുട്ടികൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly